**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനക്കാര്യം - കണ്ണൂർ ജില്ലയിലെ ചെങ്ങളായി ഗ്രാമ പഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ശ്രീമതി. എസ്.പി. സൈനബയുടെ നിയമന ക്രമവൽക്കരണം - WP(C) 19914/12 -ാം നമ്പർ ഹർജിയിലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(എം.എസ്)നം. 17/2014/ത.സ്വ.ഭ.വ          തീയതി, തിരുവനന്തപുരം, 24/01/2014**

---

പരാമർശം:- 1) 25.11.2005 ലെ സ.ഉ(പി) നമ്പർ 501/05/ധന.
2) 09.02.2010 ലെ സ.ഉ(പി) നമ്പർ 61/10/ധന
3) ബഹു.ഹൈക്കോടതിയുടെ 04/06/2013 ലെ വിധിന്യായം.
4) പഞ്ചായത്ത് ഡയറക്ടറുടെ 12/08/2013,03/10/2013 തീയതികളിലെ ഇ9-26734/2012 നമ്പർ കത്തുകൾ.

## ഉത്തരവ്

കണ്ണൂർ ജില്ലയിലെ ചെങ്ങളായി ഗ്രാമ പഞ്ചായത്തിൽ 04/02/1998 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ശ്രീമതി.എസ്.പി.സൈനബ തന്റെ നിയമനം ക്രമവൽക്കരിക്കണമെന്നാവശ്യപ്പെട്ട് ബഹു. ഹൈക്കോടതിയിൽ WP(C) 19914/12 -ാം നമ്പർ പ്രകാരം അന്യായം ഫയൽ ചെയ്യുകയും പ്രസ്തുത ഹർജിയിൽ ബഹു. കോടതി പുറപ്പെടുവിച്ച വിധിന്യായ പ്രകാരം 2,3 എതിർ കക്ഷികളായ പഞ്ചായത്ത് ഡയറക്ടർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ എന്നിവർ ശ്രീമതി. എസ്.പി. സൈനബയെ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ ഒന്നാം എതിർ കക്ഷിയായ സർക്കാരിന് സമർപ്പിക്കണമെന്നും ഒന്നാം എതിർകക്ഷി പ്രസ്തുത പ്രൊപ്പോസലിൽ മൂന്നു മാസങ്ങൾക്കകം നടപടി സ്വീകരിക്കണമെന്നും സൂചന (3) പ്രകാരം ഉത്തരവായിട്ടുണ്ട്. സൂചന 4 ലെ കത്തുകൾ പ്രകാരം പഞ്ചായത്ത് ഡയറക്ടർ ടിയാളുടെ പ്രൊപ്പോസൽ നിയമന ക്രമവൽക്കരണത്തിനായി ശുപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ പ്രൊപ്പോസൽ വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ ചെങ്ങളായി ഗ്രാമ പഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ 04/02/1998 മുതൽ ജോലി ചെയ്തു വരുന്ന ശ്രീമതി. എസ്.പി. സൈനബയെ ചെങ്ങളായി ഗ്രാമ പഞ്ചായത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ഉത്തരവു തീയതി മുതൽ നിയമനം ക്രമവൽക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

WP(C) 19914/12 നമ്പർ അന്യായത്തിൻമേൽ 04/06/2013 ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം ഇപ്രകാരം പാലിക്കപ്പെട്ടിരിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ആഞ്ചലോസ്.ജി**
**ഡെപ്യൂട്ടി സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, എറണാകുളം. (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
സെക്രട്ടറി, ചെങ്ങളായി ഗ്രാമ പഞ്ചായത്ത്, കണ്ണൂർ.
ശ്രീമതി. എസ്.പി. സൈനബ, പാർട്ട് ടൈം സ്വീപ്പർ, ചെങ്ങളായി ഗ്രാമ പഞ്ചായത്ത്, കണ്ണൂർ.(സെക്രട്ടറി, ചെങ്ങളായി ഗ്രാമ പഞ്ചായത്ത്, കണ്ണൂർ മുഖേന)
ധനകാര്യ വകുപ്പ് (104498/Expr C2/13/Fin dated 20/12/2013 പ്രകാരം)
ഡയറക്ടർ, ഐ.കെ.എം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ